സർക്കാർ ആശുപത്രികളിലെ നഴ്സുമാരുടെ പ്രൊമോഷൻ

83 (2358) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സർക്കാർ ആശുപത്രികളിലെ എത്ര നേഴ്സുമാർക്ക് പ്രൊമോഷൻ നൽകിയെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര നഴ്സുമാർക്ക് പ്രമോഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സർക്കാർ ആശുപത്രികളിൽ മുൻ സർക്കാരിന്റെ കാലത്ത് വിവിധ ഗ്രേഡുകളിലായി 4340 നഴ്സുമാർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിലവിലുണ്ടായിരുന്ന ദ്വിഭരണ സമ്പ്രദായം അവസാനിപ്പിച്ചതിന്റെ ഭാഗമായി ഓപ്ഷൻ മുഖേന 2010-ലാണ് നഴ്സിംഗ് സ്റ്റാഫ് ഈ വകുപ്പിൽ വന്നത്. ആയതിനാൽ ഈ കാലഘട്ടത്തിൽ പ്രൊമോഷനുകൾ ഒന്നും നടന്നിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യവകുപ്പിൽ വിവിധ ഗ്രേഡുകളിലായി 2815 നഴ്സുമാർക്കും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 1862 നഴ്സുമാർക്കും പ്രൊമോഷൻ നൽകിയിട്ടുണ്ട്.

ആറ്റിങ്ങൽ താലൂക്കാശുപത്രിയിൽ ട്രോമാകെയർ സംവിധാനം

84 (2360) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റോഡ് സേഫ്റ്റി അതോറിറ്റി 16-12-2015-ന് ചേർന്ന സ്ക്രൂട്ടിനൈസിംഗ് കമ്മിറ്റി മീറ്റിംഗിന്റെ ഭാഗമായി ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് സ്ഥാപിക്കുവാൻ എന്തെല്ലാം രേഖകൾ സമർപ്പിക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടുവെന്ന് വ്യക്തമാക്കാമോ;

(ബി) നമ്പർ എം. സി.-2/14362/08/ഡി. എച്ച്. എസ്. തീയതി 26-10-2015 ഫയൽ പ്രകാരം എത്ര തുകയുടെ ശിപാർശയാണ് കേരള റോഡ് സേഫ്റ്റി അതോറിറ്റിയ്ക്ക് സമർപ്പിച്ചതെന്നും ഇതിൽ കെട്ടിട നിർമ്മാണത്തിന് എത്ര തുകയാണെന്നും ഉപകരണത്തിന് എത്ര തുകയാണെന്നും വ്യക്തമാക്കാമോ ; എസ്റ്റിമേറ്റ് പ്ലാനുമുൾപ്പെടെയുള്ള ശുപാർശയുടെ പകർപ്പ് ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) 4-2-2016 -ൽ 009727-ാം നമ്പരായി തപാലിൽ സ്വീകരിച്ച കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ കത്തിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ആറ്റിങ്ങൽ താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആറ്റിങ്ങൽ താലൂക്ക് ആശുപത്രി സൂപ്രണ്ട് തിരുവനന്തപുരം ജില്ലാ മെഡിക്കൽ ആഫീസർ മുഖാന്തരം 4,27,98,956 രൂപ കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ ധനസഹായം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുകയും ടി പ്രൊപ്പോസൽ കേരള റോഡ് സേഫ്റ്റി അതോറിറ്റിയിലേക്ക് 26-10-2015-ൽ നൽകിയിട്ടുമുണ്ട്. 16-12-2015-ൽ ചേർന്ന റോഡ് സേഫ്റ്റി അതോറിറ്റിയുടെ സ്റ്റിയറിംഗ് കമ്മിറ്റി മീറ്റിംഗിന്റെ തീരുമാനമനുസരിച്ച് ട്രോമാകെയർ യൂണിറ്റിന് ആവശ്യമുള്ള നിർമ്മാണ പ്രവർത്തികൾ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന്റെ ഫണ്ടുപയോഗിച്ച് നിർമ്മിക്കാനും ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ മാത്രമായി നൽകാനും റോഡ് സേഫ്റ്റി അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(ബി) 4,27,98,956 രൂപയുടെ പ്രൊപ്പോസലാണ് സമർപ്പിച്ചിട്ടുള്ളത്. കെട്ടിട നിർമ്മാണത്തിന് 2,54,00,000 രൂപയും ഉപകരണങ്ങൾ വാങ്ങുന്നതിനും അനുബന്ധസാമഗ്രികൾക്കും 1,15,66,956 രൂപയും കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിതരാകുന്ന ജീവനക്കാർക്കുള്ള വേതനത്തിനായി 58,32,000 രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) കേരള റോഡ് സേഫ്റ്റി അതോറിറ്റിയിൽ നിന്ന് ലഭിച്ച നിർദ്ദേശാനുസരണം ആറ്റിങ്ങൽ താലൂക്ക് ആശുപത്രിക്ക് ട്രോമാകെയർ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട് ലഭ്യമാണോയെന്നും അല്ലെങ്കിൽ ട്രോമാകെയർ യൂണിറ്റ് പ്രവർത്തിപ്പിക്കാൻ വേണ്ട കെട്ടിട സൗകര്യം ഉണ്ടോ എന്നുള്ള വിവരം ആരായാനും കെട്ടിടസൗകര്യം ഉണ്ടെങ്കിൽ ഉപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ മാത്രമായി സമർപ്പിക്കാൻ താലൂക്ക് ആശുപത്രി സൂപ്രണ്ടിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ അഞ്ച് നിലകളിലുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ഈ സാമ്പത്തിക വർഷത്തിൽ തുക ലഭ്യമല്ല. 2016-17 സാമ്പത്തിക വർഷത്തിൽ ആവശ്യമായ ഫണ്ട് ലഭിക്കുകയാണെങ്കിൽ പരിഗണിക്കുന്നതാണ്. 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക വിനിയോഗിച്ച് തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിന് ഉപകരണങ്ങളും മറ്റും വാങ്ങുന്നതിന് 300 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ടി തുകയിൽ നിന്ന് 35.51 ലക്ഷം രൂപയുടെ വിവിധ ഉപകരണങ്ങൾ ആറ്റിങ്ങൽ താലൂക്ക് ആശുപത്രിക്ക് വാങ്ങുന്നതിന് കെ.എം.എസ്.സി.എൽ.-ലേക്ക് കൈമാറിയിട്ടുണ്ട്. കേരള റോഡ് സേഫ്റ്റിയുടെ ഫണ്ട് ലഭിക്കുകയാണെങ്കിൽ ആറ്റിങ്ങൽ താലൂക്ക് ആശുപത്രിക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ചെറുവത്തൂർ വി.വി. സ്മാരക സി.എച്ച്.സി.

85 (2361) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ എന്റോസൾഫാൻ പാക്കേജിൽ ഉൾപ്പെടുത്തി ചെറുവത്തൂർ വി.വി സ്മാരക സി.എച്ച്.സി-യിൽ ഒന്നരക്കോടി രൂപ ചെലവിൽ നിർമ്മിക്കാൻ പോകുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ എന്റോസൾഫാൻ പാക്കേജിൽ ഉൾപ്പെടുത്തി ചെറുവത്തൂർ വി.വി. സ്മാരക സി.എച്ച്.സി.-യിലെ കെട്ടിടനിർമ്മാണത്തിന് 11-2-2016 ലെ 56/RD/1/15 പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചട്ടങ്ങളിൽ ഇളവ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഫയർഫോഴ്സിന്റെ അനുമതിക്കായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സ്ഥലപരിശോധനയും നടത്തിയിട്ടുണ്ട്. നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly